ശ്രീ. എം. സി. ഏബ്രഹാം : ഹോംഗാർഡിലേയ്ക്ക് ആളുകളെ തിരഞ്ഞെടുക്കുന്നത് എങ്ങനെയാണ് ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകം ഒരു ചോദ്യം ചോദിക്കണം. ഇതിനു് അവിടങ്ങളിലെ കമ്മിറ്റികളെ വച്ചു് തിരഞ്ഞെടുക്കുന്നുവെന്നാണു് എന്റെ ഓർമ്മ.

ശ്രീ. സി. എം. കുട്ടി : ഹോംഗാർഡിലേക്കു് എടുക്കുന്ന സ്ത്രീവിഭാഗത്തിനു് കുടുംബാസൂത്രണ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

Mr. Speaker : It is a different question.

ആശുപത്രികളും ഡിസ്പെൻസറികളും

* 840. [6] † ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964–65-ൽ ആശുപത്രികളും ഡിസ്പെൻസറികളും വികസിപ്പിക്കാൻ എത്ര രൂപ ചെലവു ചെയ്യാനാണുദ്ദേശം ;

(ബി) എറണാകുളം ജില്ലയിൽപ്പെട്ട മുളന്തുരുത്തി ഡിസ്പെൻസറിയുടെ ആവശ്യത്തിനു കൂടുതൽ സ്ഥലമെടുക്കാനുള്ള നടപടികളും ഇക്കൊല്ലം പൂർത്തിയാകുമോ :

(സി) ഇതിനുള്ള യുക അനുവദിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ജില്ലയിലെ പൂത്തോട്ട ഡിസ്പെൻസറിയിൽ കൂടുതൽ ബെഡ്ഡുകൾ അനുവദിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങളോ നടപടികളോ ഉണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) മുപ്പതു് ലക്ഷത്തോളം രൂപ.

(ബി) തീർച്ച പറയാൻ നിവൃത്തിയില്ല.

(സി) ഇപ്പോഴും അനുവദിച്ചിട്ടില്ല.

(ഡി) ഇല്ല.

ശ്രീ. കെ. എം. ജോർജ്ജ് : ആയുർവ്വേദ ഡിസ്പെൻസറികളും തുടങ്ങിക്കഴിഞ്ഞു് ഇത്ര കൊല്ലം കഴിഞ്ഞാൽ അവ ആശുപത്രിയായി വികസിപ്പിക്കുന്നതാണെന്നു് ഗവണ്മെന്റിനു് ഒരു നയം ഉണ്ടെന്നറിയുന്നു. അങ്ങനെയാണെങ്കിൽ മൂവാറ്റുപുഴ താലൂക്കിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി തുടങ്ങിയിട്ടു് എട്ടുകൊല്ലത്തോളമായിയെങ്കിലും അതു് ഒരാശുപത്രിയായി വികസിപ്പിച്ചിട്ടില്ല. അവിടത്തെ ആവശ്യത്തെ പരിഗണിച്ചു് അതൊരു ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനു് ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എല്ലാ ഡിസ്പെൻസറികളും ആശുപത്രിയാക്കണമെന്നു് ഒരു പ്രത്യേക പരിപാടിയൊന്നും ഗവണ്മെന്റിനില്ല. സാധാരണ ഒരു പദ്ധതിയനുസരിച്ചു് ഒരു കൊല്ലത്തിൽ ഒരാശുപത്രിയെന്നുള്ള തോതിലാണു് പുതുതായി അനുവദിക്കുന്നതു്. വളരെ അത്യാവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ ഡിസ്പെൻസറികൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികളെടുക്കും.

ശ്രീ. എം. നാരായണക്കുറുപ്പു് : കഴിഞ്ഞകൊല്ലത്തിനുമുമ്പു് ഓരോ ജില്ലയിലേയ്ക്കും രണ്ടു ഡിസ്പെൻസറികൾ വീതം, ഓരോ കൊല്ലവും ജില്ലാ വികസന കൗൺസിലുകൾ ശുപാർശ ചെയ്യുന്നതനുസരിച്ചു് ആരംഭിക്കുന്നതാണു്, ജില്ലാ വികസനകൗൺസിലുകൾ ശുപാർശ ചെയ്യുന്നതിനു് ഓരോ ലിസ്റ്റു തയാറാക്കി ഗവണ്മെന്റിലേക്കു് സമർപ്പിച്ചിട്ടുണ്ടു്. ഇപ്പോഴാണെങ്കിൽ രണ്ടു

† Put by Shri P. C. Raghavan Nair.

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്പെൻസറികളെന്നുള്ളതു് മാറ്റിയിട്ടു് ഒന്നാക്കിയിരിക്കുകയാണു്. അങ്ങനെ ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ മുമ്പു ജില്ലാ വികസന കൗൺസിലുകൾ തയാറാക്കിയിട്ടുള്ള ശുപാർശ അനുസരിച്ചു് മുൻഗണന കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ജില്ലാ വികസന കൗൺസിലുകൾ അങ്ങനെ വീണ്ടും തീരുമാനിക്കുന്നപക്ഷം അതു് സ്വീകരിക്കുന്നതിനു് യാതൊരു വിരോധവുമില്ല.

ശ്രീ. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു്: അന്തിക്കാടു് ഒരു ഡിസ്പെൻസറിയുടെ പണി തുടങ്ങിയിട്ടു് മൂന്നു നാലു കൊല്ലത്തോളമായി. കഴിഞ്ഞ വർഷവും അതിനുവേണ്ടി കുറെ തുക നീക്കിവെച്ചിരുന്നു. ഇക്കൊല്ലം അതിലക്കു വേണ്ടി വല്ല തുകയും അലോട്ടു ചെയ്തിട്ടുണ്ടോ? ഇതുവരെയായിട്ടും ആ ഡിസ്പെൻസറിക്കു് യാതൊരു വികസനവും ഉണ്ടായിട്ടില്ലെന്നുള്ളതു് കണക്കിലെടുത്തു് കഴിയുന്നതും വേഗം അതു് പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിനെപ്പറ്റി ശ്രദ്ധിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രത്യേകം ചോദ്യം ചോദിക്കണം. എങ്കിൽ മാത്രമേ വ്യക്തമായി മറുപടി പറയാൻ സാധിക്കുകയുള്ളു.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ചില ഡിസ്പെൻസറികളിൽ ആവശ്യത്തിനു് ഡോക്ടറന്മാരും, നെഴ്സുകളും രാത്രിസമയങ്ങളിൽ ഇല്ലാത്തതുകൊണ്ടു് രോഗികൾ വളരെയധികം ബുദ്ധിമുട്ട അനുഭവിക്കുന്നുവെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കല്പറ ഡിസ്പെൻസറിയിൽനിന്നും ഇങ്ങനെയുള്ള വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഡിസ്പെൻസറികളിൽ ബന്ധിപ്പില്ലാത്ത സ്ഥലത്താണെങ്കിൽ ആളിന്റെ ആവശ്യമില്ല. രോഗികൾ കിടക്കുന്നിടത്താണെങ്കിൽ ആവശ്യത്തിനുള്ള ആളും കാണും.

ശ്രീ. ഓ. കോരൻ : ആവശ്യമുള്ള സ്ഥലങ്ങളിൽ ഡിസ്പെൻസറികളെ അപ്ഗ്രേഡു് ചെയ്യുമെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ തളിപ്പറമ്പ താലൂക്കിൽ പയ്യന്നൂർ മലയോരപ്രദേശത്തുള്ള ഡിസ്പെൻസറി അവിടെയുള്ള ആളുകൾക്കു് വളരെ അത്യാവശ്യമുള്ള ഒരു സ്ഥാപനമാണെന്നുള്ളതു് കണക്കിലെടുത്തു് അതൊരു ആശുപത്രിയാക്കി ഉയർത്തുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഓരോ ഡിസ്പെൻസറിയിലെ കാര്യവും ഇങ്ങനെ പ്രത്യേകം പ്രത്യേകമായി ചോദിച്ചാൽ മറുപടി പറയാൻ വിഷമമാണു്. ഇതിനെ സംബന്ധിച്ചു് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെപ്പറ്റി അന്വേഷിക്കാവുന്നതാണു്.

റബ്ബർ പ്ലാന്റേഷൻ പദ്ധതിക്കായി വിതരണം ചെയ്ത ഭൂമി.

* 841. [7] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-65-ൽ റബ്ബർ പ്ലാന്റേഷൻ പദ്ധതിക്കായി ഭൂമി വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയേക്കറാണു്; ഏതെല്ലാം ജില്ലയിലാണു്;

(സി) റബ്ബർ പ്ലാന്റേഷൻ പദ്ധതിക്കായി എത്ര രൂപ നീക്കിവയ്ക്കുന്നുണ്ടു് ;

(ഡി) ഇതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റി നിലവിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly